**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2889** **13-10-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2024ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതിയുടെ ഫണ്ടിംഗ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 7068682 ഗ്രാമീണ വീടുകളാണ് നിലവിലുള്ളത് ഇതിൽ 06-10-2021 ലെ കണക്കനുസരിച്ച് 2510010 വീടുകൾക്ക് ഇതിനകം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിക്ക് പുറമെ ജലനിധി, ഭൂജല വകുപ്പ് എന്നിവയും നിർവ്വഹണ ഏജൻസികളാണ്. പദ്ധതി പുരോഗതി സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള തൽസ്ഥിതി വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ആദ്യഘട്ടത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളാവുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വീടുകളിലേയ്ക്ക് കണക്ഷൻ നൽകുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ? | (സി) | കോട്ടൂർ, നടുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ ദർഘാസ് കരാറുകാരന് അനുവദിച്ചെങ്കിലും കരാറുകാരൻ ഉടമ്പടിയിൽ ഏർപ്പെടാത്തതുകാരണം ദർഘാസ് റദ്ദ് ചെയ്തു. റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ മറ്റു പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ പ്രവർത്തികളുടെ |

| | | | |
|---|---|---|---|
| | | | ദർഘാസ് നടപടികൾ പൈപ്പുകളുടെയും അനുബന്ധ സാമഗ്രികളുടെയും വില നിശ്ചയിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി 2020-21-ൽ അനുമതി നൽകിയ പഞ്ചായത്തുകൾ | | | | |
|---|---|---|---|---|
| പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകൾ | നൽകിയ കുടിവെള്ള കണക്ഷനുകൾ | നിർവഹണ ഏജൻസി |
| ബാലുശ്ശേരി | 1266.00 | 4713 | 534 | കെ.ഡബ്ല്യൂ.എ |
| കായണ്ണ | 13.00 | 70 | 74 | കെ.ഡബ്ല്യൂ.എ |
| കോട്ടൂർ | 2820.00 | 5950 | 0 | കെ.ഡബ്ല്യൂ.എ |
| കോട്ടൂർ | 37.57 | 250 | 12 | ജലനിധി |
| നടുവണ്ണൂർ | 1883.20 | 4008 | 0 | കെ.ഡബ്ല്യൂ.എ |
| ഉണ്ണികുളം | 75.96 | 400 | 403 | കെ.ഡബ്ല്യൂ.എ |

സെക്ഷൻ ഓഫീസർ